# ലോകമാന്യം

അല്ലാഹുﷻ പറഞ്ഞു:

﴿ قُلۡ إِنَّمَآ أَنَا۠ بَشَرٞ مِّثۡلُكُمۡ يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمۡ إِلَٰهٞ وَٰحِدٞۖ فَمَن كَانَ يَرۡجُواْ لِقَآءَ رَبِّهِۦ فَلۡيَعۡمَلۡ عَمَلٗا صَٰلِحٗا وَلَا يُشۡرِكۡ بِعِبَادَةِ رَبِّهِۦٓ أَحَدَۢا ﴾

(നബിയേ, പറയുക: ഞാന്‍ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യന്‍ മാത്രമാകുന്നു. നിങ്ങളുടെ ദൈവം, ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നല്‍കപ്പെടുന്നു. അതിനാല്‍ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കില്‍ അവന്‍ സല്‍കര്‍മ്മം പ്രവര്‍ത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയില്‍ യാതൊന്നിനേയും പങ്കുചേര്‍ക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.) (വി. ക്വു. 18: 110)

അബൂഹുറയ്റ്വില്‍ നിന്നും റസൂല്‍ﷺ പറഞ്ഞതായി നിവേദനം:

«قَالَ اللّٰهُ تَبَارَكَ وَتَعَالَى: أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ، مَنْ عَمِلَ عَمَلاً أَشْرَكَ فِيهِ مَعِي غَيْرِي, تَرَكْتُهُ وَشِرْكَهُ». رواه مسلم

അല്ലാഹുﷻ പറഞ്ഞിരിക്കുന്നു: «ശിര്‍ക്ക് ചെയ്യുന്നവരുടെ ശിര്‍ക്കിനെതൊട്ട് ഞാന്‍ ധന്യനാണ്. ആരെങ്കിലും ഒരു കാര്യം പ്രവര്‍ത്തിക്കുകയും എന്നിട്ടതില്‍ ഞാനല്ലാത്തവരെ പങ്കാളികളാക്കുകയും ചെയ്യുന്നുവെങ്കില്‍ അവനേയും അവന്റെ ശിര്‍ക്കിനേയും ഞാന്‍ വിട്ടുകളഞ്ഞിരിക്കുന്നു.» (മുസ്‌ലിം)

അബൂ സഈദില്‍ ഖുദ്‌രിവില്‍ നിന്നും റസൂല്‍ﷺ പറഞ്ഞതായി നിവേദനം:

«أَلاَ أُخْبِرُكُمْ بِمَا هُوَ أَخْوَفُ عَلَيْكُمْ عِنْدِي مِنَ الْمَسِيحِ الدَّجَّالِ؟» قَالوا: بَلَى. فَقَالَ: «الشِّرْكُ الْخَفِيّ: يَقُومُ الرَّجُلُ يُصَلِّي فَيُزَيِّنُ صَلاَتَهُ لِمَا يَرَى مِنْ نَظَرِ رَجُلٍ إِليه»

''റസൂല്‍ﷺ പറഞ്ഞിരിക്കുന്നു: പെരുങ്കള്ളന്‍ മസീഹുദജ്ജാലിനേക്കാള്‍ നിങ്ങളുടെമേല്‍ ഞാന്‍ ഏറ്റവും കൂടുതല്‍ ഭയപ്പെടുന്ന ഒന്നിനെക്കുറിച്ച് നിങ്ങള്‍ക്കറിയിച്ചുതരട്ടയോ'' അവര്‍ പറഞ്ഞു: അതെ അറിയിച്ചുതന്നാലും ''ഗോപ്യമായ ശിര്‍ക്കാണത്,'' (ഉദാഹരണമായി

പ്രവാചകൻﷺ പറഞ്ഞു) ഒരാൾ നമസ്കരിക്കുവാൻ നിൽക്കുകയും ജനങ്ങൾ തന്റെ നമസ്കാരം കാണുന്നു എന്നതുകൊണ്ട് അയാൾ തന്റെ നമസ്കാരത്തെ ഭംഗി കൂട്ടുകയും ചെയ്യുന്നു. [1]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- സൂറത്തുൽ കഹ്ഫിലെ ആയത്തിന്റെ തഫ്സീർ.
- സൽപ്രവൃത്തി ചെയ്യുമ്പോൾ അല്ലാഹുﷻ അല്ലാത്തവർക്കുള്ളത് വല്ലതും അതിൽ കടന്നുകൂടിയാൽ പ്രസ്തുത പ്രവൃത്തി തള്ളപ്പെടുമെന്നകാര്യം വലിയ ഗൗരവമാണ്.
- പ്രസ്തുത പ്രവൃത്തി തള്ളുന്നതിനെ അനിവാര്യമാക്കുന്ന കാരണം അല്ലാഹുﷻ സമ്പൂർണ്ണ ധനികനാണ് എന്നതാണ്. (അഥവാ അവൻ സമ്പൂർണ്ണ ധനികനായിരിക്കെ വേറെയൊരാളുടെ ആവശ്യം ഇല്ലതന്നെ.)
- പ്രസ്തുത പ്രവൃത്തി തള്ളുന്നതിനെ അനിവാര്യമാക്കുന്ന കാരണങ്ങളിൽപ്പെട്ടതാണ് അല്ലാഹുﷻ ഏറ്റവും നല്ലപങ്കുകാരനാണ് എന്നത്. (അവൻ ഏറ്റവും നല്ലപങ്കുകാരനായിരിക്കെ മറ്റൊരു പങ്കുകാരൻ പാടില്ലതന്നെ)
- നബിﷺ, തന്റെ സ്വഹാബത്തിന് ലോകമാന്യത ഭയന്നത്.
- ലോകമാന്യത പ്രവാചകൻﷺ, വിശദീകരിച്ചു: ഒരാൾ നമസ്കരിക്കുവാൻ നിൽക്കുകയും ജനങ്ങൾ തന്റെ നമസ്കാരം കാണുന്നു എന്നതുകൊണ്ട് അയാൾ തന്റെ നമസ്കാരത്തെ ഭംഗി കൂട്ടുകയും ചെയ്യുന്നു.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

[1] മുസ്നദു അഹ്മദ്. അൽബാനി ഹദീഥിനെ ‘ഹസനാ‘ക്കിയിരിക്കുന്നു.